**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5547** **15-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര സംഘങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനുമാണ് വിവിധ പദ്ധതികൾ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നത്. സംഘങ്ങളുടെ പാൽ സംഭരണ സംവിധാനം ആധുനികവത്ക്കരിക്കൽ, ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനു വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കൽ, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കാലിത്തീറ്റ ഗോഡൗണുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, മിൽക്ക് റൂട്ട് അസിസ്റ്റൻസ് പദ്ധതി, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തികവർഷം ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി 3498 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വൈവിധ്യവത്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്, പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളുടെ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സംഘങ്ങൾക്ക് തന്നെ വൈവിധ്യവത്കരണം നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ സംസ്ഥാനത്തെ വിവിധ ക്ഷീര സഹകരണസംഘങ്ങൾ വാണിജ്യസ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ